ആത്മനാദം

VOICE FROM THE SOUL

MANNA PUBLICATIONS | AN OFFICIAL PUBLICATION OF MAR APREM YOUTH MOVEMENT | VOL 67 | JANUARY 2026

26 ജനുവരി | മൂന്ന് നോമ്പ് ആരംഭം

01 ഫെബ്രുവരി | കൊഹനേ ഞായർ

08 ഫെബ്രുവരി | ആനീദേ ഞായർ

16 ഫെബ്രുവരി | വലിയ നോമ്പ് ആരംഭം

21 ഫെബ്രുവരി | മാർ അപ്രേം പെരുന്നാൾ

മാർ അപ്രേം പള്ളി 162-ാം പ്രതിഷ്ഠാ പെരുന്നാൾ

പരിശുദ്ധ റൂഹായുടെ കിന്നരമായ മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിന്റെ 162-ാം പ്രതിഷ്ഠാ പെരുന്നാൾ 2025 ഡിസംബർ 21 മുതൽ 29 വരെയുള്ള തീയതികളിൽ സമുചിതമായി ആചരിക്കപ്പെട്ടു. ഡിസംബർ 21 ഞായറാഴ്ച്ച വിശുദ്ധ കുർബ്ബാനയെ തുടർന്ന് വികാരി ബഹു. ഫാ. ഫിലിപ്പോസ് കെ.സി. കരുന്നാട്ട്, സഹവികാരി ബഹു. ഫാ. മാത്യു കുരുവിള തറവട്ടത്തിൽ എന്നിവർ ചേർന്ന് പെരുന്നാൾ കൊടി ഉയർത്തി പെരുന്നാളിന് തുടക്കം കുറിച്ചു. തുടർന്ന് ആദ്യഫല പെരുന്നാളും ലേലവും നടത്തപ്പെട്ടു.

ഡിസംബർ 24-ാം തീയതി വൈകുന്നേരം യൽദോയുടെ സന്ധ്യാ നമസ്കാരവും 25-ാം തീയതി രാവിലെ 3:00 ന് യൽദോ പെരുന്നാളിന്റെ രാത്രി നമസ്ക്കാരവും വി. കുർബ്ബാനയും അർപ്പിക്കപ്പെട്ടു. അന്നേ ദിവസം വൈകുന്നേരം സന്ധ്യാ നമസ്കാരത്തെ തുടർന്ന് ഇടവകയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ 'നക്ഷത്ര സന്ധ്യ' ക്രിസ്തുമസ് ആഘോഷങ്ങൾ ദൈവാലയാങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു അഞ്ചേരി ക്രിസ്റ്റോസ് മാർത്തോമ്മാ പള്ളി വികാരി റവ. ഫാ. ഡോ. ഏബ്രഹാം സി. പുളിന്തിട്ട ക്രിസ്തുമസ് ദൂത് നൽകുകയു ണ്ടായി തുടർന്ന് വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി.

26-ാം തീയതി ദൈവമാതാവിന്റെ പുകഴ്ച്ച പെരുന്നാൾ ദിനത്തിൽ പാച്ചിറ താബോർ സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ വി. കുർബ്ബാന അർപ്പിച്ചു. വൈകുന്നേരം കൺവൻഷൻ യോഗത്തിൽ കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി റവ. ഫാ. ഡോ. വർഗീസ് വർഗീസ് മീനടം വചന ശുശ്രൂഷ നിർവ്വഹിച്ചു.

(ശേഷം 3-ാം പേജിൽ)

കോട്ടയം മെത്രാസന ദിനവും ശതോത്തര സുവർണ ജൂബിലിയും

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കോട്ടയം ഭദ്രാസന മെത്രാസന ദിനവും ശതോത്തര സുവർണ ജൂബിലിയോടനുബന്ധിച്ചുള്ള പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനവും 2026 ജനുവരി 4ന് മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ജൂബിലി ആഘോഷങ്ങളുടെ തുടക്കം കുറിച്ച് കൊണ്ട് ജനുവരി 3 ന് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വാകത്താനം വള്ളിക്കാട്ട് ദയറായിൽ നിന്ന് സമ്മേളന നഗരിയിലേയ്ക്ക് കാതോലിക്കേറ്റ് പതാക ഘോഷയാത്ര സംഘടിപ്പിക്കപ്പെട്ടു.

ജനുവരി 4 ന് ഉച്ചകഴിഞ്ഞ് 2.15 ന് മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കുരിശടിയിൽ നിന്ന് വിശിഷ്ടാതിഥികളെ സ്വീകരിച്ചുകൊണ്ടുള്ള ഘോഷയാത്ര സമ്മേളന നഗരിയായ മാർ ഗ്രീഗോറിയോസ് നഗറിലേക്ക് എത്തിച്ചേർന്നതോടെ പൊതു സമ്മേളനം ആരംഭിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് അധ്യക്ഷത വഹിച്ച സമ്മേളനം സിറോ മലബാർ സഭ പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കോട്ടയം മെത്രാസനത്തിന്റെ കോർപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടനം മന്ത്രി വി.എൻ.വാസവൻ നിർവഹിച്ചു. ഭദ്രാസന കലണ്ടറിന്റെ പ്രകാശനം അഡ്വ. ചാണ്ടി ഉമ്മൻ എംഎൽഎ നിർവഹിച്ചു. ഭവനരഹിതർക്കായി വീടു നിർമാണത്തിന് ധനസമാഹരണം ലക്ഷ്യമിട്ട് സെന്റ് ജോർജ് പള്ളിയിൽ ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കപ്പെട്ടു. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച കോട്ടയം മെത്രാസനത്തിലെ അംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് നടത്തപ്പെട്ട വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ കലാപരിപാടികൾ ജൂബിലി ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

മാർ അപ്രേം പെരുന്നാൾ ഫെബ്രുവരി 21 ന്



തോട്ടയ്ക്കാട്: ആഗോള ക്രൈസ്തവ സഭകൾ ശ്രേഷ്ഠമൽപ്പാനായി ആദരിക്കുന്ന മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ 2026 ഫെബ്രുവരി 21 ന് ആ മഹാപരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ വെച്ച് സമുചിതമായി ആചരിക്കപ്പെടുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

മാർ അപ്രേം പെരുന്നാളും വിദ്യാരംഭവും

സുറിയാനി സഭകളിലെ മല്പാൻമാരിൽ അഗ്രഗണ്യ സ്ഥാനം അലങ്കരിക്കുന്ന പരിശുദ്ധ പിതാവാണ് മാർ അപ്രേം. അപ്രേമിന്റെ ഗീതങ്ങളോ പ്രാർത്ഥനകളോ ഉൾപ്പെടാത്ത ഒരു കൂദാശകളും പരിശുദ്ധ സഭയിലില്ല എന്നത് ആ പിതാവ് എത്ര ഭാഗ്യസ്മരണാർഹനാണ് എന്നതിന് തെളിവാണ്. അപ്രേമിന്റെ ഗീതങ്ങളോ പ്രാർത്ഥനകളോ ചൊല്ലാത്ത ഒരു ദിവസം പോലും ഒരു വിശ്വാസിയുടെ ജീവിതത്തിലില്ല എന്നത് വിസ്മരിച്ച് കൂടാ. സ്വർഗ്ഗീയ കീർത്തനങ്ങൾ മണ്ണിന് പകരാൻ ദൈവം തന്റെ സ്വർഗ്ഗീയ ദൂതരാൽ തെരഞ്ഞെടുത്ത പിതാവാണ് മാർ അപ്രേം . മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യുമ്പോൾ കാവ്യ മാധുരിക്ക് ഭംഗം വരാത്ത കീർത്തനങ്ങളാണ് മാർ അപ്രേമിന്റേത്. ലോകത്തിലെ സർവ്വ ക്രൈസ്തവ സഭകളും ശ്രേഷ്ഠ മൽപാനായി ആദരിക്കുന്ന മാർ അപ്രേമിന്റെ ഓർമ്മ ദിനം തന്നെയാണ് ഒരു ക്രൈസ്തവ കുടുംബത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ കുട്ടിക്ക് ആദ്യാക്ഷരം കുറിക്കുന്നതിന് ഉത്തമമായ ദിവസം .

സുറിയാനി ഭാഷയിലെ അഗാധ പാണ്ഡിത്യം കൊണ്ട് പൗരസ്ത്യ ആരാധനയെ സ്വർഗ്ഗീയ ആരാധനയാക്കി മാറ്റിയ 'പരിശുദ്ധ റൂഹായുടെ കിന്നരം' മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയമായ കോട്ടയം ഭദ്രാസനത്തിലെ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിൽ ആ പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാൾ ദിനമായ ഫെബ്രുവരി 21 ന് വി. കുർബാനാനന്തരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലബാർ ഭദ്രാസനാധിപൻ അഭി. ഡോ. ഗീവർഗീസ് മാർ പക്കോമിയോസ് തിരുമനസ് കൊണ്ട് അറിവിന്റെ ലോകത്തേക്ക് പിച്ച വെയ്ക്കുന്ന കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിക്കപ്പെടുന്നു. ഈ മഹനീയ സന്ദർഭത്തിൽ തങ്ങളുടെ കുട്ടിയുടെ വിദ്യാരംഭം കുറിക്കുന്നതിന് ആഗ്രഹിക്കുന്ന രക്ഷിതാക്കൾ ദയവായി താഴെക്കൊടുത്തിരിക്കുന്ന നമ്പരിൽ മുൻകൂർ ബന്ധപ്പെടുക.

94952 87582, 97454 50808

ദേവലോകം പെരുന്നാൾ

കോട്ടയം : ദേവലോകം അരമനയിൽ പരിശുദ്ധ ബാവാമാരുടെ ഓർമ്മപ്പെരുന്നാൾ ജനുവരി 2,3 തീയതികളിൽ സമുചിതം ആചരിച്ചു. ജനുവരി 2 വെള്ളിയാഴ്ച്ച സന്ധ്യാനമസ്കാരത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്നെത്തിയ തീർഥാടകരെ അരമന മാനേജർ ഫാ. യാക്കോബ് റമ്പാന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

തുടർന്ന് കബറിങ്കൽ ധൂപപ്രാർഥനയും ശ്ലൈഹിക വാഴ്വും നടന്നു. സെൻട്രൽ ജങ്ഷനിൽ സംഗമിച്ച തീർഥാടകസംഘത്തെ കോട്ടയം നഗരസഭയുടെ നേതൃത്വത്തിൽ വരവേറ്റു. നഗരസഭാ ചെയർമാൻ എം.പി. സന്തോഷ്കുമാർ, വൈസ് ചെയർപേഴ്സൺ ഷീബാ പുന്നൻ, കൗൺസിലർ ടോം കോര എന്നിവരുടെ നേതൃത്വത്തിൽ പദയാത്രികരെ സ്വീകരിച്ചു.

ജനുവരി 3 ശനിയാഴ്ച്ച വി. മൂന്നിൻമേൽ കുർബാനയ്ക്ക് പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ.ഗീവർഗീസ് മാർ തെയോഫിലോസ് എന്നിവർ സഹകാർമികരായി. അനുസ്മരണപ്രസംഗം, കബറിങ്കൽ ധൂപപ്രാർഥന, പ്രദക്ഷിണം, നേർച്ചവിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

വിനയ സ്വരൂപന് വിട

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുതിർന്ന വൈദികൻ വന്ദ്യ കെ വി ജോസഫ് റമ്പാന്റെ ദീപ്ത സ്മരണകൾക്ക് മുൻപിൽ മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ സ്മരണാഞ്ജലികൾ. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് പരുമല ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. പുതുപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്. മലങ്കരസഭയിൽ നിരവധി സുപ്രധാന ചുമതലകൾ വഹിച്ചിരുന്നു. നമ്മുടെ ഇടവകയിലും ചുരുങ്ങിയ കാലം സഹവികാരിയായി വന്ദ്യ റമ്പാച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2026 ജനുവരി 19 ന് പുതുപ്പള്ളി പള്ളിയിൽ 40-ാം ചരമദിന ശുശ്രൂഷകൾക്ക് അഭി. കുറിയാക്കോസ് മാർ ക്ലിമീസ് വലിയ മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിക്കുന്നതാണ്.

എഡിറ്റോറിയൽ



നമ്മുടെ ഇടവകയുടെ 162-ാം പ്രതിഷ്ഠാ പെരുന്നാൾ അനുഗ്രഹപ്രദമായി വഴി നടത്തിയ അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധനായ അപ്രേം പിതാവിന്റെ നാമത്തിൽ ഭാരതത്തിൽ സ്ഥാപിതമായ പ്രഥമ ദേവാലയം എന്ന കീർത്തിയോടുകൂടി വിദ്യാർത്ഥികൾക്കും ആലംബഹീനർക്കും ആശ്രയ കേന്ദ്രമായി നിലകൊള്ളുന്നു. പല വിധമായ പ്രതിസന്ധികൾ ഉടലെടുക്കുമ്പോഴും നാളിതു വരെ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമ്മുടെ ഇടവകയെ നയിച്ച വന്ദ്യ വൈദീക ശ്രേഷ്ഠരെ അവരുടെ ത്യാഗത്തെയും സഹനത്തെയും ആത്മാർത്ഥമായ സേവനത്തെയും ഓർക്കുന്നു. മാത്രമല്ല വിവിധ കാലങ്ങളിൽ മെത്രാസനാധിപന്മാരായിരുന്ന അഭിവന്ദ്യ തിരുമേനിമാർ പ്രത്യേകിച്ചും പരിശുദ്ധ പാമ്പാടി തിരുമേനി, അഭിവന്ദ്യ ഈവാനിയോസ് തിരുമേനി തുടങ്ങിയവരുടെ പ്രാർത്ഥനാപൂർണ്ണമായ വഴി നടത്തലുകൾ ഇടവകയ്ക്ക് എന്നും അനുഗ്രഹമായി ഭവിച്ചിരിക്കുന്നു. പ്രഥമ ദേവാലയം സ്ഥാപിച്ച അഭിവന്ദ്യ യൂയാക്കിം മാർ കൂറിലോസ് തിരുമേനി, ഈ ഇടവകയെ സ്നേഹിച്ച വളളിക്കാട്ട് ബാവാ , തുടങ്ങി കാലാകാലങ്ങളിൽ മലങ്കരയെ ഭരിച്ച പരി. ബാവാമാരുടെ സ്നേഹത്തേയും നന്ദി പൂർവ്വം സ്മരിക്കുന്നു.

അപ്രേം പെരുനാളിനോടനുബന്ധിച്ച് അഭി. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമനസ്സിന്റെ തൃക്കരങ്ങളാൽ കല്ലിട്ട് നവീകരിച്ച ദേവാലയം എന്ന സ്വപ്നത്തിലേയ്ക്ക് ഒരു മനസ്സോടെ മുന്നേറുന്ന ഈ സമയത്ത് നല്ല രീതിയിൽ പളളിയുടെ പണികൾ നടത്തുന്നതിനും അതിനു ആവശ്യ മായ എല്ലാ സാഹചര്യങ്ങളും യഥാസമയം ഒരുക്കുന്നതിനും സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കാം.

എന്നും മലങ്കര സഭയോടും പരിശുദ്ധ കാതോലിക്കാ സിംഹാസനത്തോടും വിശ്വാസവും കൂറും വിധേയത്വവും പുലർത്തുന്ന ഈ ഇടവകയെ നാളിതുവരെ കാത്തുപരിപാലിച്ച സർവ്വശക്തന്റെ അളവറ്റ കൃപകൾക്കും അനുഗ്രഹങ്ങൾക്കും നന്ദി കരേറ്റികൊണ്ട് ഇടവകയുടെ കാവൽ പിതാവായ മാർ അപ്രേമിന്റെയും മാർത്തോമ്മാ ശ്ലീഹായുടെയും പ്രത്യേക മദ്ധ്യസ്ഥതയിൽ ശരണം പ്രാപിച്ചുകൊണ്ട്

സ്നേഹപൂർവ്വം
നിങ്ങളുടെ ചീഫ് എഡിറ്റർ.

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
ഫാ. ഫിലിപ്പോസ്. കെ.സി, കരുനാട്ട്
എഡിറ്റോറിയൽ ഡയറക്ടർ
ഫാ. മാത്യു കുരുവിള, തറവട്ടത്തിൽ
ചീഫ് എഡിറ്റർ
അഘോഷ്. എൻ. മാത്യു, നീലംപടവത്ത്
സബ് എഡിറ്റേഴ്സ്
ഹന്ന എൽസ സുജിത്ത്, ചാലുംതലയ്ക്കൽ
അക്സ അനിൽ ചിറത്തലയ്ക്കൽ
സോണി വർഗീസ്, വലിയമണ്ണിൽ
ബിന്റോ ബിജു, കളപ്പുരയ്ക്കൽ
ഐവിൻ മാത്യു, കരിമ്പിൽകടുപ്പിൽ
അഡ്വൈസർ
സുജിത്ത് ഫിലിപ്പ്, ചാലുംതലയ്ക്കൽ
ലേയൗട്ട് : ഐവിൻ മാണി, ചേലമറ്റം

അനുഗ്രഹത്തിന്റെ മഴയായി ഒരു പ്രതിഷ്ഠ പെരുന്നാളും പ്രത്തീക്ഷയുടെ ചിറകുമായി ഒരു പുതു വർഷവും

റവ. ഫാ. കെ. സി. ഫിലിപ്പോസ്, വികാരി

പരിശുദ്ധാത്മാവിന്റെ കിന്നരവും, സുകൃതങ്ങളുടെ ശ്രീഭണ്ഠാരവും , ദുഃഖിച്ചിരിക്കുന്നവരുടെ ആശാകേന്ദ്രവും വഴിതെറ്റി പോയവരെ നേർവഴിയിൽ നടത്തുന്നവനും ആകുന്ന പരിശുദ്ധ അപ്രേം പിതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന നമ്മുടെ ഇടവകയുടെ 162-ാം പ്രതിഷ്ഠ പെരുന്നാൾ ഭക്തിപൂർവ്വം ആചരിക്കുവാൻ ദൈവം കൃപ നൽകിയല്ലോ. 1863 ൽ സ്ഥാപിതമായ ഈ ദേവാലയത്തിന്റെ പെരുന്നാൾ ആചരണം സമുചിതമായി ആചരിക്കപ്പെട്ടത് ഇടവകയ്ക്കും ദേശത്തിനും അനുഗ്രഹത്തിനായി ഭവിക്കുമെന്നതിൽ തർക്കമില്ല. കർത്താവിന്റെ ആത്മീയ തോട്ടം ആകുന്ന സഭയെ ഗാന മധുരിമയായ ചാറൽമഴകൊണ്ട് നിറച്ച പരിശുദ്ധ അപ്രേം പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നാം ഓർക്കുക ജീവിക്കാൻ വിശ്വാസവും, പ്രവർത്തിക്കാൻ ഒരു പദ്ധതിയും, ചെന്നെത്തുവാൻ ഒരു ലക്ഷ്യവും ഉണ്ടായെങ്കിൽ മാത്രമേ ജീവിതത്തിൽ വിജയിക്കുവാൻ സാധിക്കുകയുള്ളൂ. സമയം എന്നത് ആരെയും കാത്തിരിക്കുകയില്ല, പക്ഷേ അത് വേണ്ടവിധത്തിൽ നാം വിനിയോഗിക്കണം. സമയത്തെപ്പറ്റി ബെഞ്ചമിൻ ഫ്രാങ്ക്ലിൻ കുറിച്ചത് ഇങ്ങനെയാണ് 'നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുവെങ്കിൽ സമയം നഷ്ടപ്പെടുത്തരുത്',' ലഭിച്ച അവസരങ്ങൾ, അനുഗ്രഹങ്ങൾ, വ്യക്തിജീവിതത്തിലും വ്യക്തിബന്ധങ്ങളിലും വന്നുപോയ വീഴ്ചകൾ എന്നിവയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് അതിന് അനുസൃതമായി ലക്ഷ്യത്തെ ക്രമീകരിച്ച് പുത്തൻ പ്രതീക്ഷയുമായി പുതിയ വർഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ ഇടയാകട്ടെ. എല്ലാവർക്കും പെരുന്നാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ.

ജോയ്സ് തോട്ടയ്ക്കാടിന് അവാർഡ്

പത്തനംതിട്ട: പ്രശസ്ത മാധ്യമ പ്രവർത്തകനും ചരിത്രഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാട് പ്രഥമ തെങ്ങും തറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പാ അവാർഡിനർഹനായി. പത്തനംതിട്ട മാക്കാംകുന്നിൽ നടന്ന കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ അനുസ്മരണ സമ്മേളനത്തിൽ വെച്ച് കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ അവാർഡ് നൽകി. സഭാചരിത്ര ഗവേഷണ രംഗത്ത് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.



ദൈവകരുണയുടെ 162 വർഷങ്ങൾ

റവ. ഫാ. മാത്യു കുരുവിള, തറവട്ടത്തിൽ, സഹ വികാരി

നമ്മുടെ ദൈവാലയത്തിന്റെ 162-ാമത് പ്രതിഷ്ഠാ പെരുന്നാൾ നാം അനുഗ്രഹകരായി ആചരിച്ചുവല്ലോ. ഓരോ പ്രതിഷ്ഠാ പെരുന്നാൾ വഴിയും നാം ഓരോരുത്തരും ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കപ്പെടണം. ഇല്ലെങ്കിൽ നമ്മുടെ പെരുന്നാളുകൾ വെറും ആഘോഷങ്ങളും, ആചരണങ്ങളുമായി മാറും. ആകയാൽ ദൈവവചനമാകുന്ന ഇരുവായ്തലയുള്ള മൂർച്ചയുള്ള വാൾ അനുസരിച്ച് ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ. പുതുവർഷത്തിൽ പുതിയ തീരുമാനങ്ങളോടും ദർശനങ്ങളോടും നമുക്ക് പ്രവേശിക്കാം. കഴിഞ്ഞ ജീവിതത്തിലെ കുറവുകൾ കണ്ടെത്തി പരിഹരിച്ച് ക്രിസ്തുവിൽ കൂടുതൽ വളരുവാൻ ഇടയാകട്ടെ. ദൈവം നമുക്ക് ചൊരിഞ്ഞുതന്ന ദൈവകരുണയെ നന്ദിയോട് കൂടെ ഓർക്കാം. എല്ലാവർക്കും പ്രതിഷ്ഠാ പെരുന്നാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ. ദൈവം അനുഗ്രഹിക്കട്ടെ.

ക്രിസ്തുമസ് ട്രീ – പുൽക്കൂട് മത്സരം

തോട്ടയ്ക്കാട്: ലോക രക്ഷകന്റെ തിരുപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട ക്രിസ്തുമസ് ട്രീ - പുൽക്കൂട് മത്സര വിജയികൾക്ക് പ്രതിഷ്ഠപെരുന്നാളിനോടനുബന്ധിച്ച് സമ്മാനങ്ങൾ നൽകി.

അനുമോദനങ്ങൾ...

ദേവലോകം: മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം ഒ സി പബ്ലിക്കേഷൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗം റവ. ഫാ. എബ്രഹാം ജോൺ തെക്കേത്തറയിലിന് ആത്മനാദത്തിന്റെ അഭിനന്ദനങ്ങൾ.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കോട്ടയം ഭദ്രാസന ട്രഷററായി നിയമിതനായ നമ്മുടെ ഇടവകാംഗം ശ്രീ. ജിബു കെ ജേക്കബ് കളപ്പുരക്കലിന് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

കേരള കൗൺസിൽ ഓഫ് ചർച്ചസ് കോട്ടയം സോണിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ യുവജനപ്രസ്ഥാനാംഗം ശ്രീ. റോണി കുരുവിള ചേലമറ്റത്തിന് അഭിനന്ദനങ്ങൾ

കോട്ടയം: കർഷക സംഘടനയുടെ കോട്ടയം ജില്ലാ പ്രസിഡന്റായി തെരഞ്ഞെടുത്ത കെ.യു. ജോർജ്ജ് കണ്ണൻതുരുത്തിലിന് ആശംസകൾ.

സൺഡേസ്കൂൾ അഖില മലങ്കര മത്സര പരീക്ഷയിൽ ഏഴാം ക്ലാസിൽ എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയ ആഗിഷ് സ്ബിനു ചാണ്ടിയ്ക്ക് മാർ അപ്രേം സൺഡേ സ്കൂളിന്റെ അഭിനന്ദനങ്ങൾ

തൃതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച നമ്മുടെ ഇടവകാംഗങ്ങളായ ശ്രീമതി. സിനി മാത്യു കയ്യാലയ്ക്കകത്ത് (കോട്ടയം ജില്ലാ പഞ്ചായത്തംഗം), ശ്രീ. ബിന്നി ജോൺ കൊടുവേലിൽ (വാകത്താനം ഗ്രാമപഞ്ചായത്തംഗം), എന്നിവർക്ക് മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.





മർത്തമറിയം വനിതാ സമാജ മത്സര വിജയികൾ

ലീലാമ്മ എബ്രഹാം കൊടുവയലിൽ കിഴക്കേക്കര (കോട്ടയം ഭദ്രാസനം ഒന്നാം സ്ഥാനം) മിനി ടി ഡെന്നി തകിടിയേൽ (മദ്രാസ് ഭദ്രാസനം ഒന്നാം സ്ഥാനം) അഭിനന്ദനങ്ങൾ.

ആദരാഞ്ജലികൾ...

സി.വി. ജോൺ
ചേലമറ്റം

ആദരാഞ്ജലികൾ...

വർഗീസ് കെ. എ.
ഓലിക്കര പാലത്തിങ്കലായ
കരിമ്പിൻ കടുപ്പിൽ

ആദരാഞ്ജലികൾ...

കുര്യൻ മാണി
കളപ്പുരയ്ക്കൽ

ഇമേജ് ഫോട്ടോഗ്രാഫി മത്സരം

തോട്ടയ്ക്കാട്: മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ IMAGE (Illustrate Mind Art by Grabbing an Enprint) 2026 ജനുവരി 18 ഞായറാഴ്ച തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

162-ാം പ്രതിഷ്ഠാ പെരുന്നാൾ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

27-ാം തീയതി ശിശുസഹദേന്മാരുടെ പെരുന്നാൾ ദിനത്തിൽ വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി വികാരി റവ. ഫാ. ജോൺ സ്കറിയാ വി കുർബ്ബാന അർപ്പിക്കുകയും വൈകുന്നേരം കൺവൻഷൻ യോഗത്തിൽ ചീരഞ്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി റവ. ഫാ. സക്കറിയ തോമസ് വചന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

28-ാം തീയതി രാവിലെ ബഹു ഫാ. സച്ചിൻ കുര്യാക്കോസ്, വെണ്ണിക്കുളം വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും വൈകുന്നേരം സന്ധ്യാ നമസ്കാരത്തെ തുടർന്ന് അഭി . ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത തിരുമനസുകൊണ്ട് പെരുന്നാൾ സന്ദേശം നൽകുകയും ചെയ്തു. സെമിത്തേരിയിൽ അനുസ്മരണ പ്രാർത്ഥനയെ തുടർന്ന് തോട്ടയ്ക്കാട് കവല ചുറ്റിയുള്ള ആഘോഷ പൂർവ്വമായ പ്രദക്ഷിണം നടത്തപ്പെട്ടു. ദേശത്തിന് അനുഗ്രഹമായി നടത്തപ്പെട്ട പ്രദക്ഷിണത്തിന് ദേശനിവാസികൾ ഒന്നടങ്കം പ്രാർത്ഥനാ പൂർണ്ണമായ സ്വീകരണം നൽകി തുടർന്ന് ചെണ്ട, വയലിൻ ഫ്യൂഷൻ നടത്തപ്പെട്ടു.

29-ാം തീയതി പെരുന്നാൾ ദിവസം വി മൂന്നിന്മേൽ കുർബ്ബാനയ്ക്ക് അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. വെരി. റവ എബ്രഹാം റമ്പാൻ (ദയാ ഭവൻ , ബാംഗ്ലൂർ) , വെരി. റവ. അപ്രേം റമ്പാൻ (ഓതറ ദയറ) എന്നിവർ വി മൂന്നിന്മേൽ കുർബാനയ്ക്ക് സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് കൈമുത്ത്, സ്നേഹവിരുന്ന്, ആദ്യഫല ലേലം എന്നിവ നടത്തപ്പെട്ടു.

ഉച്ചകഴിഞ്ഞ് പ്രദക്ഷിണവും നേർച്ചവിളമ്പോടും കൂടി പെരുന്നാൾ ചടങ്ങുകൾക്ക് സമാപനമായി. ഇടവക വികാരി റവ. ഫാ. ഫിലിപ്പോസ് കെ.സി കരുന്നാട്ട് , സഹവികാരി റവ ഫാ മാത്യു കുരുവിള തറവട്ടത്തിൽ, ട്രസ്റ്റി ശ്രീ. മാണി സഖറിയ ചേലമറ്റം, സെക്രട്ടറി ശ്രീ. അനിൽ ആൻഡ്രൂസ് ആനിക്കപറമ്പിൽ, എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

യുവജനവാരാഘോഷം 2025

തോട്ടയ്ക്കാട് : മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് യുവജനവാരാഘോഷം നല്ലോണം പൊന്നോണം 2025 ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 7 വരെ മികച്ച രീതിയിൽ സംഘടിപ്പിക്കപ്പെട്ടു.

തുടങ്ങുന്നോണം (ആഗസ്റ്റ് 31 ഞായർ) യുവജനവാരാഘോഷത്തിന്റെ ഉദ്ഘാടനവും പതാക ഉയർത്തലും നവാഭിഷിക്ത വെരി. റവ. അപ്രേം റമ്പാൻ നിർവഹിച്ചു.
സഭാ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, ഡോ. ആശ തോമസ്, യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.സിറിൽ മാത്യൂസ്, റവ. ഫാ. ഫീലിപ്പോസ് കെ.സി, റവ. ഫാ. മാത്യു കുരുവിള എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് വിവിധ കായിക മത്സരങ്ങൾ നടത്തുകയും ചെയ്തു.
പങ്ക് വെച്ചോണം (സെപ്റ്റംബർ 1 തിങ്കൾ) പരിശുദ്ധ പാമ്പാടി തിരുമേനി അന്നദാന പദ്ധതിയോട് ചേർന്ന് പാമ്പാടി താലൂക്ക് ആശുപത്രിയിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു.

ഒന്നിച്ചോണം (സെപ്റ്റംബർ 2 ചൊവ്വ) ഇടവകയിലെ മുതിർന്ന അംഗങ്ങളുടെ കൂടി വരവ് നടത്തപ്പെടുകയും പ്രായാധിക്യം മൂലം പള്ളിയിൽ വന്ന് കുർബ്ബാനയിൽ സംബന്ധിക്കുവാൻ ബുദ്ധിമുട്ടുള്ളവർക്ക് സ്വഭവനത്തിൽ വിശുദ്ധ കുർബാനാനുഭവത്തിള്ള സൗകര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു.
സഹകരിച്ചോണം (സെപ്റ്റംബർ 3 ബുധൻ) ഇടവകയിലെ സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന ഇടവകാംഗങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഓണക്കിറ്റ് വിതരണം ചെയ്തു.
കരുതലോണം (സെപ്റ്റംബർ 4 വ്യാഴം) പാമ്പാടി സെന്റ് മക്രീന സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിക്കുകയും ഓണാഘോഷവും ഓണ സദ്യയും ക്രമീകരിക്കുകയും ചെയ്തു.
നല്ലോണം (സെപ്റ്റംബർ 5 വെള്ളി) ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം പായസ വിതരണം നടത്തപ്പെട്ടു.
കഷ്ടപ്പെട്ടോണം (സെപ്റ്റംബർ 6 ശനി) നമ്മുടെ യുവജന പ്രസ്ഥാന അംഗങ്ങൾ ദൈവാലയവും, അതിലെ വിളക്കുകളും മറ്റു സാധനങ്ങളും ദൈവാലയ പരിസരവും എല്ലാം വൃത്തിയാക്കി..
കളിച്ചോണം (സെപ്റ്റംബർ 7 ഞായർ) യുവജന പ്രസ്ഥാനാംഗങ്ങൾക്കായി 3 *3 ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുകയും തുടർന്ന് കൊടിയിറക്കോട് കൂടി യുവജന വാരാഘോഷത്തിന് സമാപനം കുറിക്കുകയും ചെയ്തു.

മദ്യവർജ്ജന ബോധവൽക്കരണ ക്ലാസും, പ്രതിജ്ഞയും

മാർ അപ്രേം സെന്റ് ഡയനീഷ്യസ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ മദ്യവർജ്ജന ബോധവൽക്കരണ ക്ലാസ് നടന്നു. കോട്ടയം സബ് ഇൻസ്പെക്ടർ ശ്രീ. മാത്യു പോൾ ക്ലാസ് നയിച്ചു.

അനുമോദനങ്ങൾ...

ജ്വാല 2025 കലാമത്സരത്തിൽ സിംഗിൾ സോംഗിന് ഭദ്രാസന തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കുമാരി മെൽബി മറിയം ജോർജ്ജിന് അഭിനന്ദനങ്ങൾ.

സ്നേഹതീരത്തിന്റെ കുടുംബ സംഗമം

തോട്ടയ്ക്കാട്: മാർ അപ്രേം ഇടവകയിലെ മുതിർന്ന അംഗങ്ങളുടെ കൂട്ടായ്മയായ സെന്റ് ജോസഫ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ 'സ്നേഹതീരത്തിന്റെ കുടുംബസംഗമം ' 2025 ഡിസംബർ 31 ന് നടത്തപ്പെട്ടു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

'തൈബൂസോ' 2025



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തൈബൂസോ 2025 ആരാധനാ സംഗീത മത്സരത്തിൽ മാർ അപ്രേം ബാലസമാജം ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ.

തെശ്ബുഹ്തോ 2025

തോട്ടയ്ക്കാട്: മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ ആത്മീയപ്രസ്ഥാനങ്ങൾക്കായി നടത്തപ്പെട്ട ആരാധന സംഗീത മത്സരം തെശ്ബുഹ്തോ 2025 ഒക്ടോബർ 26-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. 17 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, സൗത്ത് പാമ്പാടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജെറുസലേം സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, വാകത്താനം, മാർ ബസേലിയോസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, താഴത്തങ്ങാടി, മാർ എലിയാ കത്തീഡ്രൽ, കോട്ടയം (Team A), നിലയ്ക്കൽ ഓർത്തഡോക്സ് ചർച്ച്, പുതുപ്പള്ളി, മാർ എലിയാ കത്തീഡ്രൽ, കോട്ടയം (Team B) എന്നീ ടീമുകൾ യഥാക്രമം രണ്ട് മുതൽ ആറ് വരെയുള്ള സ്ഥാനങ്ങൾ കരസ്ഥമാക്കി.

സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി പങ്ങട ഓഡിയൻസ് പോൾ അവാർഡും
സെന്റ് ജോൺസ് ഓർത്തഡോക്സ് കത്തീഡ്രൽ, പാമ്പാടി ബെസ്റ്റ് സ്റ്റേജ് പെർഫോമൻസ് അവാർഡും
സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി പരിയാരം മികച്ച ആമുഖ അവതരണത്തിനുള്ള അവാർഡും
സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച്, കൊല്ലാട് മികച്ച യൂണിഫോമിനുള്ള അവാർഡും കരസ്ഥമാക്കി.

വിജയികളെ അഭിനന്ദിക്കുന്നതിനോടൊപ്പം മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമുകളോടും മികച്ച രീതിയിൽ വിധി നിർണയം നടത്തിയ വിധികർത്താക്കളോടും ഈ പരിപാടി വൻ വിജയം ആക്കുന്നതിന് അതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ യുവജനപ്രസ്ഥാനാംഗങ്ങളോടും എല്ലാ പിന്തുണയും നൽകിയ ബഹുമാനപ്പെട്ട വൈദീകരോടും കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

വിവാഹമംഗളാശംസകൾ...

VINU VARGHESE KURIAN
S/o Mr. Kurian Varkey &
Mrs. Annamma Mathew
Chirappurathu, Pariyaram P.O
Kottayam

MARIAM B ELIZABETH
D/o Mr. Binu Skaria &
Mrs. Sini Isaac,
Kadayil Ananda Vilas,
Nedumpayikulam, Kundara, Kollam

വിവാഹമംഗളാശംസകൾ...

DR. ABRAHAM JACOB JOHN
S/o Mr. Ulahannan Abraham
& Mrs. Annie John
Alummoottil House
Kurumbanadom P.O , Kottayam

JINU T JACOB
D/o Mr. T V Jacob &
Mrs. Moly Jacob
Thadikulangara House
Kairady P.O Palakkad

റ്റി. റ്റി. ചാക്കോ മെമ്മോറിയൽ ക്വിസ് മത്സരം

തോട്ടയ്ക്കാട്: മാർ അപ്രേം സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന റ്റി. റ്റി ചാക്കോ മെമ്മോറിയൽ ക്വിസ് മത്സരം 2026 ജനുവരി 18 ഞായറാഴ്ച തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

സൺഡേ സ്കൂൾ പ്രവേശനോത്സവം

തോട്ടയ്ക്കാട് : മാർ അപ്രേം സൺഡേസ്കൂളിന്റെ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കം കുറിച്ച് കൊണ്ടുള്ള പ്രവേശനോത്സവം 2026 ജനുവരി 8 ഞായറാഴ്ച വി. കുർബാനാനന്തരം നടത്തപ്പെട്ടു. സൺഡേ സ്കൂൾ ഭദ്രാസന ഡയറക്ടർ ശ്രീ. വിനോദ് എം സഖറിയ മുഖ്യാഥിതിയായിരുന്നു.

സുവാർത്താ സംഗമം

തോട്ടയ്ക്കാട്: യൽദോ നോമ്പിനോടനുബന്ധിച്ച് മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സുവാർത്താ സംഗമം പ്രാർത്ഥനായോഗം വിവിധ ഭവനങ്ങളിലായി സംഘടിപ്പിക്കപ്പെട്ടു.

ജ്വാല 2025 കലാമേള

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ജ്വാല 2025 കലാമത്സരം ഡിസംബർ 28 , ഞായറാഴ്ച്ച പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വെച്ച് നടത്തപ്പെട്ടു.

ഒന്നാം സ്ഥാനം കരസ്ഥമാക്കി

മുണ്ടത്താനം: സെന്റ് ജോൺസ് യുവജനപ്രസ്ഥനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സോഫ്റ്റ് ബോൾ ക്രിക്കറ്റ് ടൂർണമെന്റിൽ തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനം ഒന്നാം സ്ഥാനം കരസ്ഥമാക്കി. മികച്ച പ്രകടനം കാഴ്ച വെച്ച എല്ലാ ടീമംഗങ്ങളോടുമുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

OCYM പുതുപ്പള്ളി ഡിസ്ട്രിക്റ്റ് കലാമേള

മാർ അപ്രേം യുവജനപ്രസ്ഥാനം പ്രവർത്തകർ പുതുപ്പള്ളി ഡിസ്ട്രിക് കലാമത്സരത്തിൽ പങ്കെടുക്കുകയും ഓവറോൾ ട്രോഫി കരസ്ഥമാക്കുകയും ചെയ്തു. മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

വിജയികൾ

1. സിംഗിൾ സോങ് (മെയിൽ), രണ്ടാം സ്ഥാനം: ജുവൽ ജോസഫ് കുറിയാക്കോസ്
2. സിംഗിൾ സോങ് (ഫീമെയിൽ), ഒന്നാം സ്ഥാനം: മെൽബി മറിയം ജോർജ്
3. ഗ്രൂപ്പ് സോങ്, ഒന്നാം സ്ഥാനം: അന്നാ ജോൺ, മെൽബി മറിയം ജോർജ്, മെല്ന മറിയം ജോർജ്
4. ഉപന്യാസം, ഒന്നാം സ്ഥാനം: മെൽബി മറിയം ജോർജ്, രണ്ടാം സ്ഥാനം: അന്നാ ജോൺ
5. പ്രസംഗം, ഒന്നാം സ്ഥാനം: ജുവൽ ജോസഫ് കുറിയാക്കോസ്
6. ക്വിസ്, ഒന്നാം സ്ഥാനം: അന്നാ ജോൺ, മെൽബി മറിയം ജോർജ്, ആഷിക് മാണി

മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ...

അഭിനന്ദനങ്ങൾ...

ചിങ്ങവനം: OCYM പളളം ഡിസ്ട്രിക്ടിന്റെ നേതൃത്വത്തിൽ നടത്തിയ 6's ഫുട്ബോൾ ടൂർണമെന്റിൽ തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനം നാലാം സ്ഥാനം കരസ്ഥമാക്കി. മികച്ച പ്രകടനം കാഴ്ച വെച്ച ടീമംഗങ്ങൾക്ക് മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

ലീഡേഴ്സ് മീറ്റ് 2025

കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസങ്ങളിലായി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വെച്ച് ലീഡേഴ്സ് മീറ്റ് 2025 നടത്തപ്പെട്ടു. ഇന്നത്തെ യുവജനങ്ങൾക്ക് വേണ്ടതായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പകർന്നു തരുന്ന വളരെ രസകരമായ ക്ലാസുകൾ, മ്യൂസിക്കൽ നൈറ്റ് തുടങ്ങി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. നമ്മുടെ യുവജന പ്രസ്ഥാനാംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

യുവജനവാരാഘോഷ ഉദ്ഘാടനം & വിമല സ്നേഹസ്പർശം 2025

OCYM പുതുപ്പള്ളി ഡിസ്ട്രിക്റ്റിന്റെ യുവജനവാരാഘോഷം 2025 തോട്ടയ്ക്കാട് സെന്റ് മേരീസ് ബെത്ലഹേം ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് റവ. ഫാ. ജോൺ പി. കുര്യന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം സഭ മാനേജിംഗ് കമ്മിറ്റി അംഗം ശ്രീ. ഷെറി എം. പാറേട്ട് ഉദ്ഘാടനം ചെയ്തു. യുവജനവാരാഘോഷത്തിന്റെ ഭാഗമായി പതാക ഉയർത്തലും ഡിസ്ട്രിക്റ്റ് തല ഓണപൂക്കള മത്സരവും നടത്തി.

യുവജനവാരാഘോഷത്തിന്റെ സാമൂഹ്യ സേവന ഭാഗമായി വിമല സ്നേഹസ്പർശം 2025 സംഘടിപ്പിച്ചു. യൂണിറ്റ് അംഗങ്ങൾ കടയനിക്കാട്ടിലെ വിമല പുവർ ഹോം സന്ദർശിച്ച് മുതിർന്നവരുമായി സമയം ചെലവഴിക്കുകയും ഓണക്കോടി സമ്മാനിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ യുവജന പ്രസ്ഥാനത്തിന്റെ ആത്മീയതയും സാമൂഹിക ഉത്തരവാദിത്തവും ഊട്ടിയുറപ്പിക്കുന്നതായും പ്രസ്താവിച്ചു.

കരോൾ സർവീസ്

തോട്ടയ്ക്കാട്: നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മുൻ വർഷങ്ങളിലേതുപോലെ തന്നെ ഈ വർഷവും ഡിസംബർ 19 മുതൽ 24 വരെ ക്രിസ്തുമസ് ദൂതുമായി ഭവനങ്ങൾ സന്ദർശിക്കുകയും ദൂതറിയിക്കുകയും ചെയ്തു. കരോൾ സർവീസിൽ വിവിധ ദിവസങ്ങളിലായി വന്നു സംബന്ധിച്ച യുവജന പ്രസ്ഥാനാംഗങ്ങളോടും കൊച്ചു കൂട്ടുകാരോടുമുള്ള നന്ദി സ്നേഹത്തോടെ അറിയിക്കുന്നു. ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുവാൻ സാധിക്കാത്തതിലുള്ള ഖേദം പ്രകടിപ്പിക്കുന്നതിനോടൊപ്പം പ്രസ്ഥാനത്തിന്റെ ഈ പ്രവർത്തനവുമായി സഹകരിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

വനിതാ ദിനം

മർത്തമറിയം വനിതാ ദിനാചരണത്തിന്റെ ഭാഗമായി യുവജന പ്രസ്ഥാനാംഗങ്ങൾ വനിതാ സമാജാംഗങ്ങൾക്കായി കേക്ക് മുറിച്ച് മധുരം പങ്ക് വെച്ചപ്പോൾ.

"No Drug No Violence Signature Campaign"



ഓർത്തഡോക്സ് ക്രൈസതവ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ലഹരി ഉപയോഗത്തിന് എതിരായി സംഘടിപ്പിച്ച ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടിക്ക് എല്ലാവിധ പിന്തുണ അറിയിച്ചുകൊണ്ട് എല്ലാ ഇടവക ജനങ്ങളും അവരുടെ കയ്യൊപ്പ്, പോസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു.

ക്രിസ്തുമസ് സ്റ്റാർ

തോട്ടയ്ക്കാട്: ക്രിസ്തുമസിനോടനുബന്ധിച്ച് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അതിമനോഹരമായ ക്രിസ്തുമസ് സ്റ്റാർ ദൈവാലയാങ്കണത്തിൽ ഡിസംബർ 1 ന് സ്ഥാപിക്കുകയുണ്ടായി. സ്റ്റീൽ ഫ്രെയിമും പ്ലാസ്റ്റിക്കും ഉപയോഗിച്ച് രണ്ടാഴ്ച സമയം കൊണ്ട് നിരവധി പ്രസ്ഥാന അംഗങ്ങളുടെ അദ്ധ്വാനത്താൽ നക്ഷത്ര നിർമാണം പൂർത്തിയാക്കപ്പെട്ടു. വിവിധ വർണങ്ങളിൽ പ്രഭചൊരിഞ്ഞുകൊണ്ട് കാഴ്ചക്കാരുടെ പ്രശംസ ഏറ്റുവാങ്ങിയ ഈ നക്ഷത്രം പ്രസ്ഥാനത്തിന്റെ ഈ മാസത്തിലെ അഭിമാനകരമായ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു.

ജാഗ്രത
ഫസ്റ്റ് എയ്ഡ് കിറ്റ് വിതരണം

തോട്ടയ്ക്കാട് : മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ദൈവാലയത്തിന്റെ സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ സെന്റ് തോമസ് ഹൈസ്കൂൾ, തോട്ടയ്ക്കാട്, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടയ്ക്കാട്,ഗവ. യു. പി. സ്കൂൾ, പരിയാരം, അംഗൻവാടി, പരിയാരം, അംഗൻവാടി, മണലേൽ പീടിക എന്നീ സ്ഥാപനങ്ങളിൽ ഫസ്റ്റ് എയ്ഡ് കിറ്റ് വിതരണം നിർവഹിച്ചു. റവ. ഫാ. ഫീലിപ്പോസ് കെ.സി, റവ. ഫാ. മാത്യു കുരുവിള എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.